## മെമ്പർ സെക്രട്ടറി ജില്ലാ ആസൂത്രണ സമിതി & ജില്ലാ കളക്ടറുടെ നടപടിക്രമം

(സാന്നിദ്ധ്യം : ശ്രീ.ചന്ദ്രശേഖർ.എസ്, ഐ.എ.എസ് )

വിഷയം : ജില്ലാ ആസൂത്രണ സമിതി, കണ്ണൂർ - ജില്ലാതല ജൈവ വൈവിധ്യ കോ-ഓർഡിനേഷൻ കമ്മറ്റി രൂപീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം : 1. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 14.12.2022 തീയതിയിലെ 1246/എ8/2022/കെ.എസ്.ബി.ബി നമ്പർ കത്ത്.

2. സ.ഉ(കൈ)നം. 2550/2021/തസ്വഭവ. തീയതി 20.10.2022.

3. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 14.12.2022 തീയതിയിലെ Conser.A5/3909/2019/KSBB നമ്പർ ഉത്തരവ്.

4. 02.02.2023 തീയതിയിലെ ജില്ലാ ആസൂത്രണ സമിതി യോഗ തീരുമാനം.

---

**നം.444/2022/ഡി.പി.സി/ഡി.പി.ഒ/കെ.എൻ.ആർ** **തീയതി : 10.02.2023.**

---

### ഉത്തരവ്

ജൈവ വൈവിധ്യ പരിപാലന സമിതികൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ സബ് കമ്മറ്റി എന്ന നിലയിൽ ജില്ലാതല ജൈവ വൈവിധ്യ കോ-ഓർഡിനേഷൻ കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നതിന് പരാമർശം(2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം(2) ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സന്റെ അധ്യക്ഷതയിൽ കൺവീനർ, ജോ.കൺവീനർ എന്നിവരെ കൂടാതെ 6 ഔദ്യോഗിക അംഗങ്ങൾ, 10 സ്ഥിരം ക്ഷണിതാക്കൾ എന്നിവരുൾപ്പെടെ ആകെ 19 അംഗങ്ങൾ ഉൾക്കൊള്ളുന്ന ജില്ലാതല ജൈവ വൈവിധ്യ കോ-ഓർഡിനേഷൻ കമ്മറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം(1) കത്തിലൂടെ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ വിഷയം, പരാമർശം(4) ജില്ലാ ആസൂത്രണ സമിതി യോഗം പരിഗണിക്കുകയും നിർദ്ദിഷ്ട ഘടനയിൽ വിദഗ്ധരെ ഉൾപ്പെടുത്തി ജില്ലാതല ജൈവ വൈവിധ്യ കോ-ഓർഡിനേഷൻ കമ്മറ്റി രൂപീകരിക്കാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി, ജില്ലാ ആസൂത്രണ സമിതിയുടെ സബ്കമ്മറ്റി എന്ന നിലയിൽ ജില്ലാതല ജൈവ വൈവിധ്യ കോ-ഓർഡിനേഷൻ കമ്മറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| അധ്യക്ഷൻ | : | ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി |
| കൺവീനർ | : | ജില്ലാ പ്ലാനിംഗ് ഓഫീസർ |
| ജോ.കൺവീനർ | : | ജില്ലാ കോ-ഓർഡിനേറ്റർ, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് |

ഔദ്യോഗിക അംഗങ്ങൾ :

1. പ്രിൻസിപ്പൽ കൃഷി ഓഫീസർ
2. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ അസി.കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
3. ജില്ലാ ഫിഷറീസ് ഓഫീസർ
4. ജില്ലാ മൃഗസംരക്ഷണ ഓഫീസർ
5. പ്രൊജക്ട് ഡയറക്ടർ, ദാരിദ്ര്യ ലഘൂകരണ യൂണിറ്റ്(PAU)
6. ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്

സ്ഥിരം ക്ഷണിതാക്കൾ :

1. ശ്രീ.കെ.വി.ഗോവിന്ദൻ, ഡി.പി.സി സർക്കാർ നോമിനി
2. ഡോ.രതീഷ് നാരായണൻ.എം.കെ, അസി.പ്രൊഫസർ, ബോട്ടണി ഡിപ്പാർട്ട്മെന്റ്, പയ്യന്നൂർ കോളേജ്
3. ഡോ.പി.ആർ.സ്വരൺ, അസോ.പ്രൊഫസർ, സുവോളജി ഡിപ്പാർട്ട്മെന്റ്, പയ്യന്നൂർ കോളേജ്
4. ഡോ.സ്വപ്ന ജേക്കബ്, അസി.പ്രൊഫസർ, സുവോളജി ഡിപ്പാർട്ട്മെന്റ്, പയ്യന്നൂർ കോളേജ്
5. അഡ്വ.വിനോദ് കുമാർ ചമ്പളോൻ, അഡ്വ.ജില്ലാ കോടതി കോംപ്ലക്സ്, തലശ്ശേരി
6. എം.ശ്രീധരൻ, പ്രസിഡണ്ട്, ചെറുതാഴം ഗ്രാമ പഞ്ചായത്ത്
7. ശ്രീ.പി.സി.ഗംഗാധരൻ മാസ്റ്റർ, പ്രസിഡണ്ട്, മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത്
8. ശ്രീ.പി.പി ഷാജിർ, പ്രസിഡണ്ട്, കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത്
9. ശ്രീ.കെ.സുധാകരൻ, പ്രസിഡണ്ട്, പേരാവൂർ ബ്ലോക്ക് പഞ്ചായത്ത്
10. ശ്രീ.പി.മുകുന്ദൻ, ചെയർമാൻ, ആന്തൂർ നഗരസഭ

സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി കമ്മറ്റി പ്രവർത്തിക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്ഥാപനങ്ങളിലെ ജൈവ വൈവിധ്യ പരിപാലന സമിതികൾക്ക് (BMC) ആവശ്യമായ വിദഗ്ധോപദേശം നൽകുകയും അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

(ഒപ്പ്)

**ജില്ലാ കളക്ടർ**

/ഉത്തരവിൻ പ്രകാരം/

**ജില്ലാ പ്ലാനിംഗ് ഓഫീസർ**